| ഗ്രാമ ന്യായാലയം പാനൂർ, ചൊക്ലി | |
|---|---|
| ഹാജർ: | അമിത സുരേഷ്<br>ന്യായാധികാരി |
| 2026 മെയ് മാസം 02ാം തിയ്യതി/1948 വൈശാഖ മാസം 12ാം തിയ്യതി | |
| **സി. സി നമ്പർ 33/2020** | |
| പരാതിക്കാരൻ/ വാദി | സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്,<br>കതിരൂർ പോലീസ് സ്റ്റേഷൻ<br>ക്രൈം നമ്പർ 604/2019<br><br>(കേരള സർക്കാറിനു വേണ്ടി)<br>( ശ്രിമതി. ഷീജ വി, എ പി പി സീനിയർ ഗ്രേഡ് ) |
| പ്രതി/കുറ്റാരോപിതൻ | അശോകൻ വി, വയസ്സ് 48/2019,<br>S/o വാസു, ശാന്തി ഭവൻ ഹൌസ്,<br>കോട്ടയം അംശം, പൂള ബസാർ.<br><br>(പ്രതി ഭാഗം അഭിഭാഷകൻ ശ്രീ. കെ രത്ന കുമാർ) |
| കുറ്റകൃത്യം/വകുപ്പുകൾ | ഇന്ത്യൻ ശിക്ഷാ നിയമം 279, 304(A) വകുപ്പുകൾ |
| വാദം | കുറ്റക്കാരനല്ല |
| കണ്ടെത്തൽ | കുറ്റക്കാരനല്ല |
| ശിക്ഷ/ഉത്തരവ് | പ്രതിയെ ഇന്ത്യൻ ശിക്ഷാനിയമം 279, 304(A) വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളിൽ നിന്ന് കുറ്റ വിമുക്തനാക്കി ക്രിമിനൽ നടപടി ക്രമം 255(1) പ്രകാരം വെറുതെ വിട്ടുകൊണ്ട് ഉത്തരവായിരിക്കുന്നു. |

## പ്രതിയെക്കുറിച്ചുള്ള വിവരണം

| ക്രമ നമ്പർ<br>1 | പോലീസ് സ്റ്റേഷന്റെ പേര് & ക്രൈം നമ്പർ<br>2 | പേര്<br>3 | അച്ഛന്റെ പേര്<br>4 | മേൽവിലാസം<br>5 | തൊഴിൽ<br>6 | വയസ്സ്<br>7 |
|---|---|---|---|---|---|---|
| 1. | കതിരൂർ, ക്രൈം നമ്പർ 604/2019 | അശോകൻ വി | വാസു | ശാന്തി ഭവൻ ഹൌസ്, കോട്ടയം അംശം, പൂള | --------- | 48/2019 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ബസാർ. | | |

## തീയ്യതി പ്രകാരം

| | | |
|---|---|---|
| 1 | സംഭവം നടന്ന തീയ്യതി | 29.11.2019 |
| 2 | പരാതി കൊടുത്ത തീയ്യതി | 30.11.2019 |
| 3 | റിപ്പോർട്ട് സമർപ്പിച്ച തീയ്യതി | 23.06.2020 |
| 4 | കോടതിയിൽ ഹാജരായ തീയ്യതി | 12.01.2021 |
| 5 | ജാമ്യത്തിൽ വിട്ട തീയ്യതി | 12.01.2021 |
| 6 | കമ്മിറ്റ് മെന്റ് | ........... |
| 7 | വിചാരണ തുടങ്ങിയ തീയ്യതി | 12.01.2021 |
| 8 | തെളിവെടുപ്പ് തുടങ്ങിയ തീയ്യതി | 11.01.2022 |
| 9 | വിചാരണ അവസാനിപ്പിച്ച തീയ്യതി | 27.04.2026 |
| 10 | വിധി തീയ്യതി | 02.05.2026 |
| 11 | വിധിന്യായത്തിന്റെ പകർപ്പ് കൈമാറൽ | കോപ്പി തയ്യാറാണ് |
| 12 | കാലതാമസത്തിനുള്ള വിശദീകരണം | കാലതാമസമില്ല |
| 13 | അന്വേഷണത്തിലോ വിചാരണയിലോ പ്രതി തടവിൽ കഴിഞ്ഞിരുന്ന സമയം | ......... |

# വിധിന്യായം

പ്രതിയുടെ മേൽ ഇന്ത്യൻ ശിക്ഷാ നിയമം 279, 304(A) വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ആരോപിച്ചു കൊണ്ട് ക്രൈം നമ്പർ 604/2019 ആയി കതിരൂർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ കോടതി മുമ്പാകെ സമർപ്പിച്ച കുറ്റപത്രത്തിന്റെ അടിസ്ഥാനത്തിൽ സി സി 33/2020 ആയി ഫയലിൽ സ്വീകരിച്ച കേസാണിത്.

2. പ്രോസിക്യൂഷൻ കേസ് ചുരുക്കത്തിൽ താഴെ പറയും പ്രകാരമാകുന്നു:- 29.11.2019 തീയ്യതി 16.15 മണിക്ക് കതിരൂർ അംശം നാലാം മൈൽ എന്ന സ്ഥലത്ത് തെക്ക് വടക്കായി പോകുന്ന തലശ്ശേരി - കൂത്തുപറമ്പ് സംസ്ഥാന പാതയിൽ റോഡ് മുറിച്ച് കടക്കുകയായിരുന്ന CW10 ന്റെ അമ്മയ്ക്ക് കൂത്തുപറമ്പ് ഭാഗത്തു നിന്നും തലശ്ശേരി ഭാഗത്തേക്ക് പ്രതി അശ്രദ്ധയിലും അജാഗ്രതയിലും മനുഷ്യജീവന് അപകടം വരത്തക്ക നിലയിൽ ഓടിച്ചു വന്ന KL 58 AA 1939 നമ്പർ മോട്ടോർ സൈക്കിൾ ഇടിച്ചതിൽ തലക്ക് ഗുരുതരമായി പരിക്ക് പറ്റി ചികിത്സയിലിരിക്കെ ചികിത്സ ഫലിക്കാതെ 30.11.2019 തീയ്യതി മരണപ്പെട്ടതിനാൽ പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 279, 304(A) വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റങ്ങൾ ചെയ്തിരിക്കുന്നു എന്നുള്ളതാകുന്നു.

3. മേൽ നമ്പർ കേസിൽ പ്രതിക്ക് സമൻസ് അയച്ചിട്ടുള്ളതും ആയതു പ്രകാരം പ്രതി കോടതി മുമ്പാകെ ഹാജരാവുകയും കോടതി പ്രതിക്ക് ജാമ്യം നൽകിയിട്ടുള്ളതുമാണ്. പ്രോസിക്യൂഷൻ, കോടതി മുമ്പാകെ സമർപ്പിച്ച റെക്കോർഡുകളുടെ കോപ്പികൾ പ്രതിക്ക് നൽകിയിട്ടുള്ളതും ഇന്ത്യൻ ശിക്ഷാ നിയമം 279, 304(A) വകുപ്പുകൾ പ്രകാരമുള്ള കുറ്റച്ചുരുക്കം വായിച്ചു വിവരിച്ചു കേൾപ്പിച്ചു മനസ്സിലാക്കി കൊടുത്തിട്ടുള്ളതും പ്രതി കുറ്റം നിഷേധിച്ചിട്ടുള്ളതുമാകുന്നു. തുടർന്നു കേസിന്റെ സാഹചര്യങ്ങളും കേസ് രേഖകളും പരിശോധിച്ചതിൽ ഈ കേസ് സമൻസ് കേസ് രീതിയിൽ തെളിവെടുക്കാൻ തീരുമാനിച്ചിട്ടുള്ളതുമാകുന്നു.

4. വിചാരണ അവസാനിപ്പിച്ച ശേഷം പ്രതി ക്രിമിനൽ നടപടി ചട്ടം 313(1)(ബി) പ്രകാരമുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകി. പ്രതി തെളിവുകൾ നിഷേധിക്കുകയും താൻ നിരപരാധി ആണെന്ന് ആവർത്തിക്കുകയും ചെയ്തു. ഈ കേസിലെ പ്രോസിക്യൂഷൻ തെളിവുകൾ PW1 മുതൽ PW11 വരെയുള്ള സാക്ഷികളുടെ വാക്കാലുള്ള തെളിവുകളും Ext. P1 മുതൽ Ext. P17 വരെ അടയാളപ്പെടുത്തിയ documentary തെളിവുകളും ആണ്. പ്രതി ഭാഗം തെളിവിലേക്കായി യാതൊന്നും തന്നെ അടയാളപ്പെടുത്തിയിട്ടില്ല.

5. ഇരുഭാഗവും കേട്ടു.

6. മേൽപറഞ്ഞ വസ്തുതകളും, കോടതി മുമ്പാകെയുള്ള രേഖകളും വിശദമായി പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സൂചികകൾ ഈ കേസിന്റെ തീർപ്പിനുവേണ്ടി

പരിഗണനയ്ക്ക് വന്നിട്ടുള്ളതാണ്.

1. പ്രോസിക്യൂഷൻ ആരോപിക്കും പോലെ പ്രതി അശ്രദ്ധയിലും അജാഗ്രതയിലും മനുഷ്യജീവന് അപകടം വരത്തക്ക നിലയിൽ ഓടിച്ചു വന്ന KL 58 AA 1939 നമ്പർ മോട്ടോർ സൈക്കിൾ തലശ്ശേരി - കൂത്തുപറമ്പ് സംസ്ഥാന പാതയിൽ റോഡ് മുറിച്ച് കടക്കുകയായിരുന്ന അനൂപിന്റെ (CW10) അമ്മയെ ഇടിച്ചതിൽ പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 279 വകുപ്പ് പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ?

2. പ്രോസിക്യൂഷൻ ആരോപിക്കും പോലെ പ്രതി അശ്രദ്ധയിലും അജാഗ്രതയിലും മനുഷ്യജീവന് അപകടം വരത്തക്ക നിലയിൽ ഓടിച്ചു വന്ന KL 58 AA 1939 നമ്പർ മോട്ടോർ സൈക്കിൾ തലശ്ശേരി - കൂത്തുപറമ്പ് സംസ്ഥാന പാതയിൽ റോഡ് മുറിച്ച് കടക്കുകയായിരുന്ന അനൂപിന്റെ (CW10) അമ്മയെ ഇടിച്ചതിൽ ടിയാരി തലക്ക് ഗുരുതരമായി പരിക്ക് പറ്റി ചികിത്സയിലിരിക്കെ ചികിത്സ ഫലിക്കാതെ മരണപ്പെട്ടതിനാൽ പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 304(A)വകുപ്പ് പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ?

3. മേൽ പ്രകാരമുള്ള കുറ്റങ്ങൾ തെളിയിക്കപ്പെട്ടോ? എന്ത് ശിക്ഷ / ഉത്തരവുകളാണ് നൽകേണ്ടത്?

7. **<u>സൂചികകൾ ഒന്നും രണ്ടും</u>**- ആവർത്തനവിരസത ഒഴിവാക്കുന്നതിനും തെളിവുകൾ വിലയിരുത്തുന്നതിനുള്ള സൌകര്യത്തിനും വേണ്ടി ഒന്നും രണ്ടും സൂചികകൾ ഒന്നിച്ചു പരിഗണിക്കുന്നു. ആദരണീയയായ അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടറേയും ആദരണീയനായ പ്രതി ഭാഗം അഭിഭാഷകനേയും കോടതി കേട്ടു. രേഖകൾ സൂക്ഷ്മമായി പരിശോധിക്കുകയും അവരുടെ വാദങ്ങൾ വിശദമായി വിശകലനം ചെയ്യുകയും ചെയ്തു.

8. ആരോപിക്കപ്പെടുന്ന കുറ്റം തെളിയിക്കാൻ പ്രോസിക്യൂഷൻ PW1 മുതൽ PW11 വരെ സാക്ഷികളെ വിസ്തരിച്ചു. CW2, CW4 എന്നീ സാക്ഷികളുടെ സാന്നിധ്യം ലഭിക്കാൻ അസാദ്ധ്യമായതിനാൽ ടി സാക്ഷികളെ വിസ്തരിക്കുന്നതിൽ നിന്ന് ഒഴിവാക്കി. CW6 വിചാരണ വേളയിൽ മരണപ്പെട്ടു പോയതാകുന്നു. CW5, CW7, CW8, CW9, CW12, CW13, CW15 എന്നീ സാക്ഷികളെ ആദരണീയയായ അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടർ വിസ്തരിക്കുന്നില്ല എന്ന് വച്ചു. Ext. P1 മുതൽ Ext. P17 വരെ രേഖകളും ഹാജരാക്കി. കേസിലെ പരാതിക്കാരനെ PW1 ആയി കോടതി വിസ്തരിച്ചു. Ext. P1 എന്നത് ടിയാൻ നൽകിയ പ്രഥമ വിവര പ്രസ്താവന ആണ്. Ext.P2, Ext.P3 എന്നിവ PW2 ന്റെ മൊഴിയിലെ വൈരുദ്ധ്യം Subject to proof ആയി mark ചെയ്തതാണ്. Ext.P4 എന്നത് ഈ കേസിലെ സംഭവസ്ഥല മഹസറാണ്. അത് PW3 മുഖാന്തരം mark ചെയ്തു. Ext. P5 എന്നത് ഈ കേസിൽ മരണപ്പെട്ട ആളുടെ Treatment Certificate ആണ്. അത് PW6 മുഖാന്തരം mark ചെയ്തു. Ext. P6 എന്നത് ഈ കേസിൽ ഉൾപ്പെട്ട വാഹനത്തിന്റെ എം വി ഐ റിപ്പോർട്ടാണ്. അത് PW7 മുഖാന്തരം mark ചെയ്തു. Ext. P7 എന്നത് ഈ കേസിൽ മരണപ്പെട്ട ആളുടെ പോസ്റ്റ് മോർട്ടം സർട്ടിഫിക്കറ്റാണ്. അത് PW8 മുഖാന്തരം mark ചെയ്തു. Ext. P8 എന്നത് ഈ കേസിലെ സംഭവ സ്ഥലത്തിന്റെ സൈറ്റ് പ്ലാനും, Ext. P8(a) എന്നത് സൈറ്റ് പ്ലാനിൽ സംഭവസ്ഥലം ചുവന്ന മഷിയിൽ mark ചെയ്തതുമാണ്. ഇവ രണ്ടും PW9 മുഖാന്തരം mark ചെയ്തു. Ext. P9 എന്നത് ഈ കേസിലെ എഫ് ഐ ആർ ആണ്. അത് PW10 മുഖാന്തരം mark ചെയ്തു. Ext. P10 എന്നത് ഈ കേസിൽ മരണപ്പെട്ടുപോയ ആളുടെ ഇൻക്വസ്റ്റ് റിപ്പോർട്ടും, Ext. P11, Ext. P12 എന്നിവ ഈ കേസിലെ പ്രതിയെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചതിന്റെ അറസ്റ്റ് മെമ്മോയും ബെയിൽ ബോണ്ടും, Ext. P13 എന്നത് പ്രതിയുടെ പൂർണ്ണമായ പേരും മേൽവിലാസവും കൂട്ടിചേർത്ത റിപ്പോർട്ടും, Ext. P14 എന്നത് Section alteration റിപ്പോർട്ടും, Ext. P15 എന്നത് Correction report in Scene Mahazar ഉം , Ext. P16 എന്നത് Correction report in FIR ഉം, Ext. P17 എന്നത് ഈ കേസിലുൾപ്പെട്ട വാഹനം വിട്ടുകൊടുത്തതിന്റെ കച്ചീട്ടും ആണ്. ഇവയെല്ലാം കേസന്വേഷണം നടത്തിയ PW11 മുഖാന്തരം mark ചെയ്തു. ശേഷം PW11 അന്വേഷണം പൂർത്തിയാക്കി പ്രതിക്കെതിരെ കുറ്റപത്രം സമർപ്പിച്ചു.

9. PW1 മുതൽ PW11 വരെയുള്ള പ്രോസിക്യൂഷൻ സാക്ഷികളുടെ വാമൊഴികളും Ext. P1 മുതൽ Ext. P17 വരെയുള്ള രേഖകളാലും പ്രോസിക്യൂഷൻ കേസ് സംശയാതീതമായി തെളിഞ്ഞതായി ആദരണീയയായ അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടർ വാദിച്ചു. ആയതിനാൽ പ്രതിയെ കുറ്റക്കാരനായി കണ്ട് പ്രതിക്ക് തക്കതായ ശിക്ഷ കൊടുക്കണമെന്ന് ആദരണീയയായ അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടർ അപേക്ഷിച്ചു.

10. പ്രോസിക്യൂഷൻ ആരോപിച്ച വാഹനാപകടം ഉണ്ടായത് പ്രതിയുടെ "rash or negligent driving" കൊണ്ടാണെന്നും അതിലെ നേർഫലമായാണ് മരണപ്പെട്ട ഓമനയുടെ മരണം സംഭവിച്ചതെന്നും പ്രോസിക്യൂഷന് തെളിയിക്കാൻ സാധിച്ചിട്ടില്ല എന്നും അമിത വേഗത എന്ന കാരണം കൊണ്ട് മാത്രം പ്രതി "rash or negligent" ആയാണ് ഡ്രൈവിംഗ് ചെയ്തതെന്ന് അനുമാനിക്കാൻ സാധിക്കുകയില്ല എന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ **State of Karnataka Vs Satheesh 1998 8 SCC 493** എന്ന വിധിന്യായത്തിൽ വ്യക്തമാക്കുന്നുണ്ടെന്നും പ്രതി ഭാഗം അഭിഭാഷകൻ വാദിച്ചു. അപകടം നടന്നത് ഒരു ബസ് സ്റ്റോപ്പിന് അടുത്താണെന്നും, അപകടം നടന്നത് റോഡിന്റെ വളവിൽ ആണെന്നും ബസ് സ്റ്റോപ്പിൽ നിർത്തിയിട്ട ബസിന് മുമ്പിലൂടെ മരണപ്പെട്ട ഓമന അശ്രദ്ധമായി റോഡ് ക്രോസ്സ് ചെയ്യാൻ ശ്രമിച്ചതിനിടെ ബസിനെ ഓവർടേക്ക് ചെയ്തു വന്ന പ്രതിയുടെ ബൈക്ക് ഇടിക്കുകയാണ് ഉണ്ടായതെന്നും പ്രതി ഭാഗം അഭിഭാഷകൻ വാദിച്ചു. തന്റെ വാദത്തെ ദൃഢപ്പെടുത്തുവാൻ പ്രതി ഭാഗം അഭിഭാഷകൻ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ **Mohammed Vs State of Andra Pradesh 2000 7 SCC 72,Balachandra and another Vs Maharashtra 1968 3 SCR 766** എന്നീ വിധിന്യായങ്ങൾക്കും ഊന്നൽ നൽകി.

11. ഇരുഭാഗം കേട്ടതിലും, രേഖകൾ പരിശോധിച്ചതിലും, ആരോപിച്ച കുറ്റങ്ങളുടെ ഘടകങ്ങൾ തെളിയിക്കാനായി പ്രോസിക്യൂഷൻ വിജയിച്ചോ എന്ന് പരിശോധിക്കേണ്ടതുണ്ട്. കൂടാതെ പ്രോസിക്യൂഷൻ നൽകിയ തെളിവ് വിശ്വസനീയവും പ്രതി കുറ്റക്കാരനാണെന്ന് കണ്ടെത്തുവാൻ മാത്രം ആർജവമേറിയതാണോ എന്നും വിലയിരുത്തേണ്ടതുണ്ട്.

12. കേസിലെ പരാതിക്കാരനായ ഗംഗാധരനെ (CW1) PW1 ആയി കോടതി മുമ്പാകെ വിസ്തരിച്ചു. 29.11.2019 തീയ്യതി വൈകുന്നേരം 04.00 – 04.15 മണി സമയത്ത്

തലശ്ശേരി കൂത്തുപറമ്പ് റോഡിൽ നാലാം മൈൽ അയ്യപ്പമഠത്തിന്റെ മുന്നിൽ വെച്ച് ഓമന എന്ന സ്ത്രി വാഹനാപകടത്തിൽ മരണപ്പെടുന്ന സംഭവം കണ്ടിരുന്നു എന്നും ഓമന എന്ന സ്ത്രി അയ്യപ്പമഠം റോഡ് മുറിച്ച് കടക്കുന്ന സമയം തലശ്ശേരി ഭാഗത്തു നിന്ന് അമിത വേഗത്തിൽ ഒരു സ്കൂട്ടർ വന്ന് ഓമനയെ ഇടിച്ച്, സ്കൂട്ടർ കുറേ ദൂരത്തേക്ക് നിരങ്ങിപ്പോയിരുന്നു എന്നും താൻ ഓമനയെ പെട്ടെന്ന് കിട്ടിയ ഒരു വണ്ടിയിൽ തന്റെ ഒരു സ്നേഹിതനേയും കൂട്ടി തലശ്ശേരി ജനറൽ ആശുപത്രയിൽ കൊണ്ടു പോയി എന്നും സ്ഥതി ഗുരുതരമാണെന്ന് പറഞ്ഞതിനാൽ ഓമനയെ തലശ്ശേരി കോ ഓപ്പ്റേറ്റീവ് ആശുപത്രയിൽ കൊണ്ടുപോയി അഡ്മിറ്റ് ആക്കി എന്നും പിന്നീട് ഓമന മരണപ്പെട്ടതായി അറിഞ്ഞു എന്നും PW1 മൊഴി നൽകി. പിറ്റേ ദിവസം താൻ പോലീസ് സ്റ്റേഷനിൽ പോയി പരാതി കൊടുത്തിരുന്നു എന്നും അതാണ് Ext. P1 എന്നും വണ്ടി ഓടിച്ച ഡ്രൈവറെ കണ്ടിരിന്നു എന്നും അപകട കാരണം ഓവർ സ്പീഡും പ്രതിയുടെ അശ്രദ്ധയുമാണ് എന്നും PW1 മൊഴി നൽകി. പ്രതിക്കൂട്ടിൽ നിന്നിരുന്ന പ്രതിയെ PW1 കണ്ട് തിരിച്ചറിയുകയും ചെയ്തു.

13. CW3 ശശി എന്നവരെ PW2 ആയി കോടതി മുമ്പാകെ വിസ്തരിച്ചു. തലശ്ശേരി - കൂത്തുപറമ്പ് റോഡിലാണ് അപകടം ഉണ്ടായത് എന്നും താൻ ഉടനെ സ്ഥലത്തെത്തിയപ്പോൾ ഓമന ഒരു കാറിന്റെ മുമ്പിൽ റോഡിൽ കിടക്കുന്നത് കണ്ടു എന്നും തൊട്ടടുത്ത് ഒരു മോട്ടോർ സൈക്കിൾ നിലത്ത് വീണ് കിടക്കുന്നത് കണ്ടു എന്നും മോട്ടോർ സൈക്കിൾ ഇടിച്ചാണ് അപകടം ഉണ്ടായതെന്ന് മനസ്സിലായി എന്നും BVS സ്റ്റോപ്പിന് അടുത്തായിരുന്നു സംഭവം എന്നും അത് വീതിയുള്ള റോഡാണ് എന്നും ഇരു ഭാഗത്തു നിന്നും വരുന്ന വണ്ടികൾ കാണാം എന്നും PW1 അപ്പോൾ സ്ഥലത്തുണ്ടായിരുന്നു എന്നും PW2 മൊഴി നൽകി. ഓമന എന്ന സ്ത്രീ വാഹനാപകടത്തിൽ മരണപ്പെട്ട സംഭവം താൻ കണ്ടിരുന്നില്ല എന്നും കണ്ടതായി പോലീസിൽ മൊഴി കൊടുത്തിരുന്നില്ല എന്നും പോലീസ് തന്റെ മൊഴി രേഖപ്പെടുത്തിയിരുന്നില്ല എന്നും PW2 മൊഴി നൽകി. ആദരണീയയായ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ PW2 കൂറുമാറിയതായി കോടതിയെ അറിയിക്കുകയും കോടതിയുടെ അനുമതിയോടെ PW2 നെ ഭാരതീയ സാക്ഷ്യ അധിനിയം സെക്ഷൻ 157 ഉം ഭാരതീയ നാഗരിക് സുരക്ഷാ സംഹിത സെക്ഷൻ 181 ലെ Proviso

പ്രകാരവുമുള്ള ചോദ്യങ്ങൾക്ക് വിധേയമാക്കി. "29.11.2019 തീയ്യതി ഞാൻ എന്റെ പണിസ്ഥലത്ത് പോയി നാലാം മൈൽ അയ്യപ്പമഠത്തിനടുത്ത് നിൽക്കുമ്പോൾ വാർപ്പിന്റെ പണി കഴിഞ്ഞ് വീട്ടിലേക്ക് പോകുന്നതിനായി റോഡ് മുറിച്ച് കടക്കുകയായിരുന്ന ഓമന എന്ന സ്ത്രീക്ക് കൂത്തുപറമ്പ് ഭാഗത്ത് നിന്നും വന്ന ഒരു മോട്ടോർ സൈക്കിൾഇടിച്ചിരുന്നു. ഇടിച്ച ഉടനെ സ്ത്രീ റോഡിൽ തെറിച്ച് വീഴുകയും വീഴ്ചയിൽ അവരുടെ ബോധം നഷ്ടപ്പെട്ടിരുന്നു" എന്ന് PW2 പോലീസിന് കൊടുത്ത മൊഴി PW2 നെ വായിച്ചു കേൾപ്പിക്കുകയും PW2 നിഷേധിച്ചതിൽ ടി മൊഴിയുടെ പ്രസ്തുത ഭാഗം Ext. P2 subject to proof ആയി മാർക്ക് ചെയ്യുകയും ചെയ്തു. "മോട്ടോർ സൈക്കിൾ ഓടിച്ചയാളുടെ അശ്രദ്ധയാണ് അപകടത്തിന് കാരണം. വണ്ടി ഓടിച്ചയാളെ എനിക്ക് കണ്ടാലറിയാം" എന്ന് PW2 പോലീസിന് കൊടുത്ത മൊഴിയും PW2 നെ വായിച്ചു കേൾപ്പിക്കുകയും PW2 നിഷേധിച്ചതിൽ ടി മൊഴിയുടെ പ്രസ്തുത ഭാഗം Ext. P3 subject to proof ആയി മാർക്ക് ചെയ്യുകയും ചെയ്തു.

14. CW14 നിശാന്തിനെ PW3 ആയി കോടതി മുമ്പാകെ വിസ്തരിച്ചപ്പോൾ സംഭവത്തിലുൾപ്പെട്ട വാഹനം ബന്തവസ്സിൽ എടുക്കുന്നത് കണ്ടിരുന്നു എന്നും പ്രസ്തുത മഹസറിൽ താൻ സാക്ഷിയായി ഒപ്പു വച്ചിരുന്നു എന്നും മൊഴി നൽകി.

15. CW10 അനൂപിനെ PW4 ആയി കോടതി മുമ്പാകെ വിസ്തരിച്ചു. ഈ കേസിനാസ്പദമായ സംഭവത്തിൽ മരണപ്പെട്ടു പോയത് തന്റെ അമ്മയാണ് എന്നും കതിരൂർ അയ്യപ്പ മഠത്തിന് സമീപം വച്ച് ബൈക്കിടിച്ചിട്ടാണ് അപകടം ഉണ്ടായത് എന്നും എന്നും PW4 മൊഴി നൽകി. സംഭവവുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ Ext. P10 ഇൻക്വസ്റ്റ് റിപ്പോർട്ടിൽ ഒമ്പതാം കോളത്തിൽ സാക്ഷിയായി മൊഴി പറഞ്ഞു എന്ന് PW4 ഉം PW5 പ്രദീപ് കുമാറും ( CW11) മൊഴി നൽകി.

16. CW16 രാഗേഷിനെ PW7 ആയി കോടതി മുമ്പാകെ വിസ്തരിച്ചു. ടിയാൻ തലശ്ശേരി സബ് ആർടിഒ ഓഫീസിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറായി ജോലി ചെയ്തു വരവേ കതിരൂർ പോലീസ് സ്റ്റേഷന്റെ നിർദ്ദേശ പ്രകാരം 11.12.2019 രാവിലെ 11.00 മണിക്ക് കതിരൂർ പോലീസ് സ്റ്റേഷൻ പരിസരത്ത് വച്ച് KL 58 AA 1939 നമ്പർ മോട്ടോർ സൈക്കിൾ പരിശോധിക്കുകയും കോളം നമ്പർ ഏഴിൽ പറഞ്ഞിരിക്കുന്നത് പ്രകാരം

ഡാമേജുകൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട് എന്നും അതുപ്രകാരം Front Mud guard പൊട്ടിയതായും headlight and headlight cowl, speedometer unit, front registration mark plate എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചതായും crash guard bent ആയതായും scratch ആയതായും അപകടം സംഭവിച്ചത് വാഹനത്തിന്റെ യാന്ത്രിക തകരാറുകൾ കൊണ്ടല്ല എന്നു ടിയാന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

17. CW18 സഫർ എ എൻ പി എന്നവരെ PW9 ആയി കോടതി മുമ്പാകെ വിസ്തരിച്ചു. 2020 ൽ താൻ കതിരൂർ സ്പെഷ്യൽ വില്ലേജ് ഓഫീസറായി ജോലി ചെയ്ത് വരവേ, ഈ കേസിലെ അന്വേഷണ ഇദ്യോഗസ്ഥൻ ആവശ്യപ്പെട്ട പ്രകാരം സംഭവസ്ഥലം സന്ദർശിച്ച് Ext. P8 സൈറ്റ് പ്ലാൻ തയ്യാറാക്കി എന്നും Ext. P8 ൽ താൻ സംഭവസ്ഥലം ചുവന്ന മഷിയിൽ മാർക്ക് ചെയ്തിട്ടുണ്ട് എന്നും അതാണ് Ext. P8a എന്നും മൊഴി PW9 നൽകി.

18. സാക്ഷി മൊഴികളും രേഖകളും പരിശോധിക്കുമ്പോൾ KL 58 AA 1939 നമ്പർ വാഹനം അപകടത്തിൽപ്പെട്ടതായും ആ അപകടത്തിൽ കാൽനടയാത്രികയായ ഓമന എന്നവർക്ക് പരിക്ക് പറ്റിയതായും പിന്നീട് അവർ മരിച്ചതായുമുള്ള വസ്തുതകൾ തർക്കവിധേയമല്ല. PW8, Dr. ഗോപാലകൃഷ്ണ പിള്ള issue ചെയ്ത Ext. P7 പോസ്റ്റ് മോർട്ടം സർട്ടിഫിക്കറ്റ് പ്രകാരം ഓമന എന്നവർ മരിച്ചത് റോഡപകടത്തിൽ വച്ചുണ്ടായ തലക്കേറ്റ പരിക്ക് കൊണ്ടാണ് എന്നത് വ്യക്തമാണ്. ഇന്ത്യൻ ശിക്ഷാ നിയമം 304(A) വകുപ്പ് പ്രകാരം പ്രോസിക്യൂഷൻ തെളിയിക്കേണ്ടത് ഒരാളുടെ മരണം സംഭവിച്ചിട്ടുണ്ടെന്നും ആ മരണം പ്രതിയുടെ പ്രവൃത്തിയുടെ നേർഫലം ആയിരിക്കണമെന്നും കൂടാതെ പ്രതി ചെയ്തു എന്നു പറയുന്ന പ്രവൃത്തി അശ്രദ്ധയോടെയോ അലക്ഷ്യമായോ ചെയ്ത ഒന്നായിരിക്കണം എന്നുമാണ്. കേസിനാസ്പദമായ സംഭവത്തിൽ ഓമന എന്നവർ മരിച്ചത് തർക്ക വിധേയമല്ല. പ്രോസിക്യൂഷൻ തെളിവുകളനുസരിച്ച് കേസിനാസ്പദമായ റോഡപകടം പ്രതിയുടെ അശ്രദ്ധയോ അലക്ഷ്യമോ മൂലമാണോ എന്നാണ് കണ്ടെത്തേണ്ടത്. PW1, PW2 എന്നിവരെയാണ് കേസിനാസ്പദമായ സംഭവത്തിലെ ദൃക്സാക്ഷികളായി പ്രോസിക്യൂഷൻ വിസ്തരിച്ചിട്ടുള്ളത്. എന്നാൽ PW2 കൂറുമാറിയ സാക്ഷിയാണ്. PW1 ആണ് ഈ കേസിന്റെ Ext.P1 പ്രഥമ വിവര പ്രസ്താവന പോലീസിനു നൽകിയിട്ടുള്ളത്. PW1 ന്റെ മൊഴി പ്രകാരം അപകടം സംഭവിച്ചത് പ്രതിയുടെ അശ്രദ്ധ കൊണ്ടും പ്രതി അമിത വേഗത്തിൽ ബൈക്ക്

ഓടിച്ചു വന്നത് കൊണ്ടുമാണ്. എന്നാൽ ടിയാന്റെ Ext.P1 പ്രഥമ വിവര പ്രസ്താവനയിൽ പ്രതിയുടെ അശ്രദ്ധ കൊണ്ട് എന്ന് മാത്രമാണ് പറഞ്ഞിട്ടുള്ളത്. PW1 ന്റെ മൊഴി പരിശോധിക്കുമ്പോൾ റോഡ് മുറിച്ച് കടക്കുന്ന ഓമനയെ അമിത വേഗത്തിൽ വന്ന ബൈക്ക് ഇടിക്കുകയായിരുന്നു എന്നും അതിൽ ഓമന തെറിച്ച് കൂത്തുപറമ്പ് ഭാഗത്തു നിന്നും വരികയായിരുന്ന കാറിന്റെ മുന്നിൽ വീണു കിടന്നിരുന്നു എന്നും കാർ ബ്രേക്ക് ഇട്ടതുകൊണ്ടാണ് കാർ ഓമനയുടെ ശരീരത്തിൽ കൂടി കയറി ഇറങ്ങാതിരുന്നത് എന്നുമാണ്. കൂടാതെ ഓമനയെ ഇടിച്ച പ്രതിയുടെ ബൈക്ക് റോഡിൽ വീണ് കുറച്ച് ദൂരത്തേക്ക് ഉരഞ്ഞ് പോയിരുന്നു എന്നും മൊഴി നൽകിയിട്ടുണ്ട്. മരണപ്പെട്ട ഓമനയുടെ കൂടെ മറ്റ് ഒന്ന് രണ്ട് സ്ത്രീകളും ഉണ്ടായിരുന്നു എന്നും PW1 മൊഴി നൽകിയിട്ടുണ്ട്. തലശ്ശേരി ഭാഗത്തു നിന്നാണ് പ്രതി ബൈക്കിൽ വന്നത് എന്നതിൽ തർക്കമില്ല. PW1 ന്റെ Ext.P1 പ്രഥമ വിവര പ്രസ്താവനയിൽ നിന്നും പ്രതി അശ്രദ്ധമായി വണ്ടി ഓടിച്ചു വന്നു എന്ന് പറയുന്നതല്ലാതെ ഏതു രീതിയിലാണ് അഥവാ പ്രതിയുടെ ഏതി പ്രവൃത്തിയിലൂടെയാണ് പ്രതി അശ്രദ്ധമായി വന്നതെന്ന് PW1 പറഞ്ഞിട്ടില്ല. കോടതിയിൽ നൽകിയ മൊഴിയിൽ അമിത വേഗത പറയുന്നുണ്ട്. എന്നാൽ പ്രതിയുടെ അമിത വേഗതയെ കുറിച്ച് Ext.P1 ൽ പരാമർശിച്ചിട്ടില്ല. കോടതിയിൽ മൊഴി നൽകിയപ്പോൾ പ്രതിയുടെ അമിത വേഗതയും ശ്രദ്ധക്കുറവും കൂടി കൊണ്ടാണ് അപകടം ഉണ്ടായത് എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ഇവ രണ്ടും മാത്രം കണക്കിലെടുത്ത് പ്രതി ബൈക്ക് ഓടിച്ചിരുന്നത് മനുഷ്യ ജീവന് അപകടം ഉണ്ടാക്കുന്ന വിധം അജാഗ്രതയിലോ അലക്ഷ്യമായ രീതിയിലുമാണോ എന്ന് പറയുവാൻ സാധിക്കുകയില്ല. ഇന്ത്യൻ ശിക്ഷാ നിയമം 304(A) വകുപ്പ് പ്രകാരം ശിക്ഷിക്കുവാൻ ഒരു സാധാരണ അശ്രദ്ധക്കു പകരം ഗുരുതരമായ അശ്രദ്ധ ഉണ്ടായിരിക്കണം. PW1 നെ കൂടാതെ PW2 ആയിരുന്നു ഈ കേസിലെ മറ്റൊരു ദൃക്സാക്ഷി. എന്നാൽ ടിയാൻ കൂറുമാറിയത് പ്രോസിക്യൂഷൻ കേസിലെ ദുർബലപ്പെടുത്തുകയാണ് ഉണ്ടായത്. ടി സാക്ഷി കൂറുമാറിയതായി ആദരണീയയായ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ കോടതിയെ അറിയിക്കുകയും കോടതിയുടെ അനുമതിയോടെ ടി സാക്ഷിയെ ഭാരതീയ സാക്ഷ്യ അധിനിയം സെക്ഷൻ 157 ഉം ഭാരതീയ നാഗരിക് സുരക്ഷാ സംഹിത സെക്ഷൻ 181 ലെ Proviso പ്രകാരവുമുള്ള ചോദ്യങ്ങൾക്ക് വിധേയമാക്കുകയും ചെയ്തു. എന്നിരുന്നാലും ടി

സാക്ഷിയുടെ വിശ്വാസീയത വിസ്താരത്തിലുടനീളം തകർക്കപ്പെടുകയുണ്ടായിട്ടില്ല. ടി സാക്ഷിയുടെ മൊഴിയിലെ വൈരുദ്ധ്യം Ext.P2, Ext.P3 എന്നിവയായി mark ചെയ്തെങ്കിലും നിയമപരപമായി തെളിയിക്കാത്തതിനാൽ അവ കോടതിക്ക് പരിഗണിക്കുവാൻ സാധിക്കുകയില്ല. Ext.P6 MVI Report പ്രകാരം യാന്ത്രിക തകരാറുകൾ കൊണ്ടല്ല അപകടം സംഭവിച്ചത് എന്ന് വ്യക്തമാണെങ്കിലും ഇത് ഉപയോഗിച്ച് മാത്രം പ്രതിയുടെ "Rash or Negligent act" കൊണ്ടാണ് അപകടം ഉണ്ടായതെന്ന് തെളിയിക്കുവാൻ സാധിക്കുകയില്ല. ഓവർ സ്പീഡ് എന്ന ആരോപണം കൊണ്ട് മാത്രം "Rash or Negligent act" തെളിയിക്കപ്പെടുന്നില്ല. പ്രതി ഭാഗം അഭിഭാഷകൻ ഹാജരാക്കിയ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ **State of Karnataka Vs Satheesh 1998 8 SCC 493** എന്ന വിധിന്യായവും ഇതു തന്നെയാണ് വ്യക്തമാക്കുന്നത്. അപകട സമയം വാഹനത്തിന്റെ കൃത്യമായ വേഗത എത്രയാണെന്നോ അപകടത്തിന് മുമ്പ് പ്രതി അപകടകരമായ പ്രവൃത്തികൾ ചെയ്തു എന്നോ പ്രതിക്ക് നിയന്ത്രണം നഷ്ടപ്പെട്ടു എന്നോ പ്രതി ഓവർ ടേക്ക് ചെയ്യുമ്പോൾ മരണപ്പെട്ട കാൽനടയാത്രക്കാരിയെ ഇടിച്ചിരുന്നു എന്നോ ബൈക്ക് സ്കിഡ് ആയി എന്നോ ഒന്നും തന്നെ പ്രോസിക്യൂഷൻ തെളിവിൽ കാണാൻ സാധിക്കുകയില്ല. അമിത വേഗതയിൽ വന്ന പ്രതിയുടെ ബൈക്ക് ഇടിച്ചു എന്നും അതിനു ശേഷം ബൈക്ക് റോഡിൽ മറിഞ്ഞ് വീണ് കുറച്ച് ദൂരെ പോയി എന്നുമുള്ള PW1 ന്റെ സാക്ഷി മൊഴി മാത്രം കണക്കിലെടുത്ത് പ്രതി അശ്രദ്ധയിലും അജാഗ്രതയിലുമാണ് ബൈക്ക് ഓടിച്ചതെന്ന് കണ്ടെത്തുവാൻ സാധിക്കുകയില്ല. Ext.P8 സൈറ്റ് പ്ലാനിൽ കാണിക്കുന്നില്ലെങ്കിലും Ext.P15 Correction report in Scene Mahazar ആൽ അപകടസ്ഥലത്തിന് സമീപം ഒരു ബസ് സ്റ്റോപ്പ് ഉണ്ടെന്ന് വ്യക്തമാണ്. ഇത് PW1 ഉം തന്റെ മൊഴിയിൽ സമ്മതിച്ചിട്ടുണ്ട്. കൂടാതെ അപകട സമയത്ത് ബസ് സ്റ്റോപ്പിൽ ബസ് നിർത്തിയിട്ടുണ്ടോ എന്ന് ഓർമ്മയില്ല എന്നും PW1 പറഞ്ഞിട്ടുണ്ട്. ഇവിടെയാണ് പ്രതി ഭാഗം അഭിഭാഷകന്റെ വാദം ശ്രദ്ധയാകർഷിക്കുന്നത്. ബസ് സ്റ്റോപ്പിൽ നിർത്തിയിട്ട ബസിന് മുന്നിലൂടെ ഓമന അശ്രദ്ധയോടെ റോഡ് മുറിച്ച് കടക്കാൻ ശ്രമിച്ചതിൽ തലശ്ശേരി ഭാഗത്തു നിന്ന് വന്ന ബൈക്ക് പരിമിതമായ വേഗതയിൽ ഓവർടേക്ക് ചെയ്യുന്നതിനിടെ അപ്രതീക്ഷിതമായി അപകടം സംഭവിച്ചതാണ് എന്നും അപകടം നടന്ന റോഡ് ഒരു വളവായതിനാൽ തന്നെ മുന്നിലെ ദൃശ്യ പരിധി

പരിമിതമായിരുന്നു എന്നാണ് പ്രതി ഭാഗം അഭിഭാഷകന്റെ വാദം. ഈ വാദം താഴെ പറയുന്ന സാഹചര്യത്തിൽ സാധ്യമായ ഒന്നാണ്. അതായത് അപകട സ്ഥലത്ത് ബസ് സ്റ്റോപ്പ് ഉണ്ട് എന്ന് PW1 ന്റെ മൊഴിയാലും Ext.P15 Correction report in Scene Mahazar ആലും കാണാൻ സാധിക്കും. റോഡിന് ചെറിയ വളവുണ്ടെന്ന് PW1 ഉം സമ്മതിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ നിർത്തിയിട്ട ബസിനെ ഓവർടേക്ക് ചെയ്യുമ്പോൾ ദൃശ്യ മാനത കുറയുക എന്നത് സ്വാഭാവീകമാണ്. കൂടാതെ Ext.P8 സൈറ്റ് പ്ലാനിൽ നിന്നും ഓവർടേക്ക് അനുവദനീയ റോഡാണ് സംഭവസ്ഥലമെന്നും കാണാൻ സാധിക്കുന്നു. ഈ സാധ്യത കൊണ്ട് തന്നെ പ്രതി ഭാഗം അഭിഭാഷകൻ വാദിച്ചതു പോലെ ബസിന്റെ മുൻഭാഗത്തു കൂടി ഓമന എന്നവർ റോഡ് മുറിച്ച് കടക്കുമ്പോൾ ബസിനു പുറകിലൂടെ ഓവർടേക്ക് ചെയ്തു വന്ന പ്രതിയുടെ ബൈക്ക് ഓമന എന്നവരെ ഇടിച്ചതാകാം. അതുപോലെ അമിത വേഗത ഉണ്ടെന്ന് പറയുന്നതല്ലാതെ അതിനും തെളിവില്ല. മുമ്പ് പറഞ്ഞതുപോലെ അമിത വേഗത "Rash or Negligent act" എന്നതിനായി തെളിവായി സ്വീകരിക്കുവാനും സാധിക്കുകയില്ല. ഇന്ത്യൻ ശിക്ഷാ നിയമം 304(A) വകുപ്പ് പ്രകാരം പ്രതിയുടെ പ്രവൃത്തി തന്നെയാണ് മരണത്തിന് കാരണമെന്ന് പ്രോസിക്യൂഷൻ തെളിയിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇവിടെ മരിച്ചയാളുടെ പ്രവൃത്തി തന്നെയാകാം അപകടത്തിന് കാരണമെന്ന സംശയം നിലനിൽക്കുന്നതിനാൽ പ്രതി ആ സംശയത്തിന്റെ ആനുകൂല്യം അർഹിക്കുകയാണ്.

19. സാക്ഷിമൊഴികളാലും മറ്റ് തെളിവുകളാലും അപകടം നടന്നത് പ്രതിയുടെ അശ്രദ്ധയും അജാഗ്രതയും കൊണ്ടാണ് എന്ന് സംശയാതീതമായി തെളിയിക്കുവാൻ പ്രോസിക്യൂഷന് സാധിച്ചിട്ടില്ല. ആയതിനാൽ ഒന്നും രണ്ടും സൂചികകൾ പ്രോസിക്യൂഷന് എതിരായി കണ്ടിരിക്കുന്നു.

20. **<u>സൂചിക നമ്പർ 3:-</u>** ഒന്നും രണ്ടും സൂചികകളിന്മേൽ ഉള്ള കോടതിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഈ ചോദ്യം പരിഗണനക്കായി ഉയർന്നു വരുന്നില്ല.

21. ആയതിനാൽ ഇന്ത്യൻ ശിക്ഷാ നിയമം 279, 304(A) വകുപ്പുകൾ പ്രകാരം പ്രതി കുറ്റക്കാരനല്ല എന്നു കാണുകയും, പ്രതിയെ ക്രിമിനൽ നടപടി ക്രമം 255(1) പ്രകാരം കുറ്റ

വിമുക്തനാക്കി വെറുതെ വിട്ടുകൊണ്ട് ഉത്തരവായിരിക്കുന്നു. പ്രതിയുടെ ജാമ്യ ബോണ്ട് റദ്ദ് ചെയ്തുകൊണ്ട് ഉടൻ പ്രാബല്യത്തോടെ മേൽ പറഞ്ഞ പ്രതിയെ സ്വതന്ത്രനാക്കി വിട്ടു കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

(കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനു ഞാൻ പറഞ്ഞു കൊടുത്തു ടിയാൻ രേഖപ്പെടുത്തി തയ്യാറാക്കി തന്ന ഈ വിധിന്യായത്തിൽ ആവശ്യമായ തെറ്റ് തിരുത്തലുകൾ വരുത്തി 2026 മെയ് മാസം 02ാം തിയ്യതി ഈ വിധിന്യായം പുറപ്പെടുവിച്ചിരിക്കുന്നു)

ഒപ്പ്/-
ന്യായാധികാരി
ഗ്രാമ ന്യായാലയം പാനൂർ, ചൊക്ലി

# അനുബന്ധം

**പ്രോസിക്യൂഷൻ വിസ്തരിച്ച സാക്ഷികൾ**

ഒന്നാം സാക്ഷി - ഗംഗാധരൻ

രണ്ടാം സാക്ഷി - ശശി

മൂന്നാം സാക്ഷി - നിഷാന്ത്

നാലാം സാക്ഷി - അനൂപ്

അഞ്ചാം സാക്ഷി - പ്രദീപ് കുമാർ

ആറാം സാക്ഷി - Dr. സുരേഷ്. ന്യൂറോ സർജൻ, പരിയാരം മെഡിക്കൽ കോളേജ്

ഏഴാം സാക്ഷി - രാഗേഷ് എൻ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, സബ് ആർടിഒ ഓഫീസ്, തലശ്ശേരി

എട്ടാം സാക്ഷി - Dr. ഗോപാലകൃഷ്ണ പിള്ള, MD, LLB, Professor ഫോറൻസിക് മെഡിസിൻ, പരിയാരം മെഡിക്കൽ കോളേജ്

ഒമ്പതാം സാക്ഷി - സഫർ എ എൻ പി, വില്ലേജ് ഓഫീസർ, കതിരൂർ വില്ലേജ് ഓഫീസ്

പത്താം സാക്ഷി - മഹേഷ് കുമാർ, SCPO, കതിരൂർ പോലീസ് സ്റ്റേഷൻ

പതിനൊന്നാം സാക്ഷി - നിജേഷ് എം, സബ് ഇൻസ്പെക്ടർ, കതിരൂർ പോലീസ് സ്റ്റേഷൻ

**പ്രോസിക്യൂഷൻ ഹാജരാക്കി അടയാളപ്പെടുത്തിയ രേഖകൾ**

രേഖ -1 (Ext.P1) - എഫ് ഐ എസ്

രേഖ - 2 ( Ext.P2) - 161 Statement of PW2

രേഖ - 3 ( Ext.P3) - 161 Statement of PW2

രേഖ - 4 ( Ext.P4) - സംഭവസ്ഥല മഹസർ

രേഖ -5 ( Ext.P5) - Treatment Certificate

രേഖ -6 ( Ext.P6) - MVI Report

രേഖ -7 ( Ext.P7) - പോസ്റ്റ് മോർട്ടം സർട്ടിഫിക്കറ്റ്

രേഖ -8 ( Ext.P8) - സൈറ്റ് പ്ലാൻ

രേഖ -8a ( Ext.P8a) - സൈറ്റ് പ്ലാനിൽ സംഭവസ്ഥലം ചുവന്ന മഷിയിൽ ചെയ്തത്

രേഖ -9 ( Ext.P9) - എഫ് ഐ ആർ

രേഖ -10 ( Ext.P10) - ഇൻക്വസ്റ്റ് റിപ്പോർട്ട്

രേഖ -11 ( Ext.P11) - അറസ്റ്റ് മോമ്മോ

രേഖ -12 ( Ext.P12) - ബെയിൽ ബോണ്ട്

രേഖ -13 ( Ext.P13) - പ്രതിയുടെ പേരും വിലാസവും കൂട്ടിച്ചേർത്ത റിപ്പോർട്ട്

രേഖ -14 ( Ext.P14) - Section alteration

രേഖ -15 ( Ext.P15) - Correction report in Scene Mahazar

രേഖ -16 ( Ext.P16) - Correction report in FIR

രേഖ -17 ( Ext.P17) - കച്ചീട്ട്

**<u>പ്രതി ഭാഗം വിസ്തരിച്ച സാക്ഷികൾ</u>**

ഇല്ല

**<u>പ്രതി ഭാഗം ഹാജരാക്കി അടയാളപ്പെടുത്തിയ രേഖകൾ</u>**

ഇല്ല

**<u>അടയാളപ്പെടുത്തപ്പെട്ട തൊണ്ടി മുതലുകൾ</u>**

ഇല്ല

**<u>കോടതി രേഖ</u>**

ഇല്ല

ഒപ്പ്/-
ന്യായാധികാരി
ഗ്രാമ ന്യായാലയം പാനൂർ, ചൊക്ലി

//ശരിപ്പകർപ്പ്//

ന്യായാധികാരി
ഗ്രാമ ന്യായാലയം പാനൂർ, ചൊക്ലി